# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **20.01.2014 ൽ മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 1160**

## നെന്മാറയിൽ ഹൈസ്കൂൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി ചെന്താമരാക്ഷൻ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) | സംസ്ഥാനത്തെ സർക്കാർ യു.പി. സ്കൂളുകളെ ഹൈസ്കൂളുകളായി ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം 5 ചട്ടം 2, 2എ എന്നീ നിയമങ്ങൾ പ്രകാരമാണ് യു.പി. സ്കൂളുകൾ ഉയർത്തുന്നത്. നിലവിൽ സംസ്ഥാന സർക്കാർ സ്കൂളുകളൊന്നും തന്നെ അപ്ഗ്രേഡ് ചെയ്യുന്നില്ല. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.എം.എസ്.എ. (രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ) യിൽപ്പെടുത്തി മാത്രമാണ് സംസ്ഥാനത്ത് ഇപ്പോൾ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത്. |
| (ബി) | നിലവിൽ എത്ര സ്കൂളുകളെയാണ് ഹൈസ്കൂളുകളായി ഉയർത്തിയിട്ടുള്ളത്; | (ബി) | നിലവിൽ സംസ്ഥാനത്തൊട്ടാകെ ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി 112 സ്കൂളുകളിൽ ഹൈസ്കൂൾ വിഭാഗം ആരംഭിച്ചിട്ടുണ്ട്. |
| (സി) | നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് ഹൈസ്കൂളുകളായി ഉയർത്താൻ സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (സി) | നെന്മാറ നിയോജക മണ്ഡലത്തിലെ ഒരു സ്കൂളും അപ്ഗ്രേഡ് ചെയ്യാനുള്ള നിർദ്ദേശം പരിഗണനയിലില്ല. |
| (ഡി) | ഹൈസ്കൂളുകളായി ഉയർത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എങ്കിൽ ആയത് എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് സാധാരണ രീതിയിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുവാൻ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.എം.എസ്.എ. (രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ) പദ്ധതിയിൽപ്പെടുത്തിയാണ് സർക്കാർ യു.പി. സ്കൂളുകൾ നിലവിൽ അപ്ഗ്രേഡ് ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ